# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. T 1906 08.12.2014-ലെ മറുപടിക്ക്

## മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും പ്രതിമാസ ശമ്പളം

**ചോദ്യം**

ശ്രീ. കെ. ദാസൻ

**ഉത്തരം**

ശ്രീ. ഉമ്മൻചാണ്ടി
ബഹു. മുഖ്യമന്ത്രി

| | | |
|---|---|---|
| (എ) | മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും പ്രതി മാസ ശമ്പളം എത്രയാണ് ; | വിവിധ അലവൻസുകൾ ഉൾപ്പെടെ മുഖ്യമ ന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രതി മാസ ശമ്പളം 49,910/- രൂപയാണ്. |
| (ബി) | ശമ്പളത്തിന്റെ 20% കുറച്ച് വാങ്ങിയാൽ മതി യെന്ന് മന്ത്രിസഭായോഗത്തിൽ തീരുമാനം എടുത്തിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാ ക്കാമോ ; | ശമ്പളത്തിന്റെ 20% കുറച്ച് വാങ്ങിയാൽ മതി യെന്ന് 17.09.2014 ലെ മന്ത്രിസഭായോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. സംസ്ഥാനം നേരി ടുന്ന സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാ ത്തലത്തിലാണ് ഇത്തരമൊരു തീരുമാനം എടുത്തിട്ടുള്ളത്. |
| (സി) | ഇത് നടപ്പിലാക്കുക വഴി 2015 മാർച്ച് 31 വരെ എത്ര തുകയുടെ ചെലവ് സർക്കാരിന് കുറഞ്ഞ് കിട്ടും ; | മന്ത്രിമാരുടെ ശമ്പളത്തിൽ നിന്നും 20% കിഴിവ് വരുത്തുക വഴി മാർച്ച് 2015 വരെ ആകെ 14.67 ലക്ഷം രൂപ ശമ്പളച്ചെലവിൽ കുറവ് വരും. |
| (ഡി) | ഇത് സംബന്ധിച്ച് പ്രത്യേക ഉത്തരവ് പുറപ്പെടു വിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ ഒരു പകർപ്പ് ലഭ്യമാക്കാമോ ? | ഉണ്ട്. 23.09.2014 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 7445/2014/പൊ.ഭ.വ. -യുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - സംസ്ഥാന ഖജനാവ് അഭിമുഖീകരിക്കുന്ന സാമ്പത്തിക വെല്ലുവിളികൾ തരണം ചെയ്യുന്നതിനുള്ള നടപടി - സംസ്ഥാനത്തെ മന്ത്രിമാരുടെ സെപ്റ്റംബർ 2014 മുതൽ മാർച്ച് 2015 വരെയുള്ള ശമ്പളത്തിൽ 20% കുറവ് വരുത്തി ഉത്തരവാകുന്നു.

---

**പൊതു ഭരണ (പൊളിറ്റിക്കൽ) വകുപ്പ്**

സ.ഉ.(സാധാ) നം. 7445/2014/പൊ.ഭ.വ തിരുവനന്തപുരം, തീയതി 23/9/2014

---

പരാമർശം:- 17-9-2014 ലെ മന്ത്രിസഭായോഗ തീരുമാനം നമ്പർ - 5766

**ഉത്തരവ്**

സംസ്ഥാന ഖജനാവ് അഭിമുഖീകരിക്കുന്ന സാമ്പത്തിക വെല്ലുവിളികൾ തരണം ചെയ്യുന്നതിനുള്ള നടപടികളുടെ ഭാഗമായി സംസ്ഥാനത്തെ മന്ത്രിമാരുടെ സെപ്റ്റംബർ 2014 മുതൽ മാർച്ച് 2015 വരെയുള്ള ശമ്പളത്തിൽ 20% കുറവ് വരുത്തി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻപ്രകാരം
കെ. ആർ. ജ്യോതിലാൽ
സെക്രട്ടറി, പൊതുഭരണ വകുപ്പ്

ബഹു. മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പി.എസ് ന്
അക്കൗണ്ടൻറ് ജനറൽ (എ & ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം
പൊതു ഭരണ (എസ്.സി) വകുപ്പ്
ധനകാര്യ (എസ്.എസ്) വകുപ്പ് (22-9-2014 ലെ SS-1/14/2014 - ഫിൻ പ്രകാരം)
കരുതൽ ശേഖരം / ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ